(ഡി) ആയതിന് ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, സ്ഥായിയായ പൊതു ആസ്തികൾ സൃഷ്ടിച്ചും സാമ്പത്തിക വളർച്ചയും തൊഴിൽ മേഖലകളും സൃഷ്ടിക്കുന്ന കേന്ദ്രങ്ങളായി ചെറുതും ഇടത്തരവുമായ നഗരങ്ങളെ മാറ്റുകയാണ് യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയുടെ ഉദ്ദേശ്യം, വൻ നഗരങ്ങളിലുള്ള കേന്ദ്രീകൃത നഗരവൽക്കരണം കുറയ്ക്കുകയും, ചെറു നഗരങ്ങളെക്കൂടി സാമ്പത്തിക മേഖലകളാക്കുകയും പദ്ധതിയുടെ ഉദ്ദേശങ്ങളിൽപ്പെടുന്നു.

(ബി) യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിക്ക് 2005-2006 മുതൽ 2010-2011 വരെയുള്ള വർഷങ്ങളിൽ ബഡ്ജറ്റിൽ ആകെ 40116.6575 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതിയിലുൾപ്പെടുത്തി വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ 32.17 കോടി രൂപ അംഗീകരിച്ച പദ്ധതിതുകയുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

(ഡി) യു.ഐ.ഡി.എസ്.എസ്.എം.ടി.പദ്ധതിയിലെ കുടിവെള്ള പദ്ധതിക്കായി നോഡൽ ഏജൻസിവഴി കൽപ്പറ്റ നഗരസഭയ്ക്ക് 496.0495 ലക്ഷം രൂപ നൽകിയതിൽ നഗരസഭ ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

കാപ്പിറ്റൽ സിറ്റി പ്രോഗ്രാമിന്റെ ഭാഗമായുള്ള പദ്ധതികൾ

102 (6020) ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയുടെ വികസനത്തിനായി നടപ്പാക്കുന്ന കാപ്പിറ്റൽ സിറ്റി പ്രോഗ്രാമിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത് ;

(ബി) ബാർസലോണിയ നഗരസഭയുമായി ചേർന്ന് ഇരട്ടനഗര വികസനം എന്ന പദ്ധതിക്കായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത് എന്ന് വിശദമാക്കുമോ ;

(സി) കാപ്പിറ്റൽ സിറ്റി പ്രോഗ്രാമിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട് ;

(ഡി) ഈ പദ്ധതിക്കായി വേണ്ടിവരുന്ന അധിക ഫണ്ട് എങ്ങിനെ സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ഇ) തലസ്ഥാന നഗരവികസനത്തിന്റെ ഭാഗമായി നടപ്പാക്കാനുദ്ദേശിക്കുന്ന ആറ്റുകാൽ നഗരവികസന പദ്ധതിയുടെ എന്തൊക്കെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ പദ്ധതിയുടെ ഭാഗമായി ഈ വർഷം എന്തൊക്കെ വികസന പദ്ധതികൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി) മുഖാന്തിരം നടത്തുന്ന തലസ്ഥാന മേഖലാ വികസന പദ്ധതി (സി.ആർ.ഡി.പി) വഴി തലസ്ഥാന നഗരിയുടെ വികസനത്തിനായി തിരുവനന്തപുരം (ഹ്രസ്വകാല) കുടിവെള്ള പദ്ധതി, തിരുവനന്തപുരം ബസ് ടെർമിനൽ വികസനം, ഈഞ്ചയ്ക്കലിൽ പുതിയ ബസ് സ്റ്റാന്റ് നിർമ്മാണം എന്നീ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു.

2. തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) മുഖേന തലസ്ഥാന നഗര വികസന പദ്ധതിയുടെ (സി.ആർ.ഡി.പി) ഭാഗമായി നടപ്പാക്കുന്ന ക്യാപ്പിറ്റൽ സിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സിറ്റിയിലെ 12 റോഡുകൾ 42 കിലോമീറ്റർ ദൈർഘ്യത്തിൽ വികസിപ്പിക്കുന്നതിനാണ് രൂപം നൽകിയിട്ടുള്ളത്. ബി.ഒ.റ്റി അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവർത്തികൾ നടത്തുന്നത്. രണ്ട് ഫ്ളൈ ഓവറുകൾ ഒരു അണ്ടർപാസ്, വിവിധ ജംഗ്ഷനുകളുടെ വികസനം ഫുട്പാത്തുകളുടെ വികസനം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

(ബി) ഇരട്ട നഗരം പദ്ധതിയുമായി ബാർസിലോണ കോർപ്പറേഷന്റെ നിർദ്ദേശം തിരുവനന്തപുരം നഗരസഭ പരിശോധിച്ചു വരികയാണ്.

(സി) തലസ്ഥാന നഗര വികസന പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം 10.53 കോടി രൂപ കെ.എസ്.യു.ഡി.പി. ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റോഡ് വികസനത്തിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനും പുനരധിവാസത്തിനുമായി ആകെ 77 കോടി 18 ലക്ഷം രൂപ ട്രിഡയ്ക്കും അനുവദിച്ചിട്ടുണ്ട്.

(ഡി) സി.ആർ.ഡി.പി പദ്ധതിക്ക് അധിക ഫണ്ട് ആവശ്യമായി വരുന്നില്ല.

(ഇ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) പദ്ധതികൾ നടപ്പിലാക്കുന്ന സർവ്വെ നടപടികളും വികസന പദ്ധതികളെ സംബന്ധിച്ച് റസിഡൻസ് അസോസിയേഷൻ ഭാരവാഹികളും, ജനപ്രതിനിധികളും, ആറ്റുകാൽ ട്രസ്റ്റ് ബോർഡ് അംഗങ്ങളും, സാംസ്കാരിക നേതാക്കൾ തുടങ്ങിയവരെ ഉൾപ്പെടുത്തി വിശദമായ ചർച്ചയും അതിനനുസരണമായി വികസന പദ്ധതികളും രൂപപ്പെടുത്തുന്നതിനുള്ള അവസാനഘട്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു.

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്കുള്ള സേവന സൗകര്യങ്ങൾ

103 (6021) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മുനിസിപ്പൽ കോർപ്പറേഷനുകളിൽ വിവിധ ആവശ്യങ്ങൾക്കുവേണ്ടി എത്തുന്നവരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കും വിധം സേവന സൗകര്യം ലഭ്യമാക്കാനും, നടപടി ലഘൂകരിക്കാനും നിലവിലുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly